പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2755 02.04.2013 ലെ മറുപടിയ്ക്ക്.

<u>പരീക്ഷാ ഫല പ്രഖ്യാപനം വൈകുന്നതിനുള്ള കാരണം</u>

<u>ചോദ്യം</u>

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

<u>ഉത്തരം</u>

ശ്രീ. പി.കെ. അബ്ദു റബ്ബ്

*(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)*

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ ബിരുദ കോഴ്സുകളിലെ സെമസ്റ്റർ പരീക്ഷാ ഫലപ്രഖ്യാപനം വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളുടെ പരീക്ഷാഫലമാണ് പ്രഖ്യാപിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | രണ്ട്, മൂന്ന്, നാല് & അഞ്ച് എന്നീ സെമസ്റ്ററുകളുടെയും യു.ജി. സ്പെഷ്യൽ സപ്ലിമെന്ററി എന്നിവയുടെ ഫലങ്ങളാണ് പ്രഖ്യാപിക്കാനുള്ളത്. |
| (സി) | പരീക്ഷാഫല പ്രഖ്യാപനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | പരീക്ഷാർത്ഥികളുടെയും, പരീക്ഷകളുടെയും ബാഹുല്യം, അദ്ധ്യാപകരുടെ കുറവ് , മൂല്യനിർണ്ണയം കഴിഞ്ഞ് മാർക്കുകൾ കിട്ടാനുള്ള താമസം എന്നിവ ഫലപ്രഖ്യാപനം വൈകുന്നതിന് കാരണമാണ്. |
| (ഡി) | ഫലപ്രഖ്യാപനം വൈകുന്നതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | നടപടി സ്വീകരിക്കുന്നുണ്ട്. അവസാന വർഷ / സെമസ്റ്റർ പരീക്ഷകളുടെ ഫലങ്ങൾ മൂന്ന് മാസത്തിനുള്ളിൽ തന്നെ പ്രസിദ്ധീകരിക്കാറുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഇ) | കൂടുതൽ സമയ ബന്ധിതമായ മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ